"ഭരണ ഭാഷ-മാതൃഭാഷ"

EXC/4011/2017/XE5

എക്സൈസ് കമ്മീഷണറുടെ കാര്യാലയം,
തിരുവനന്തപുരം, പിൻ. 695 033
ഫോൺ 0471 - 2322825
e.mail : ecoffice.exe@kerala.gov.in
തീയതി : 02.08.2017

## സർക്കുലർ

വിഷയം - എക്സൈസ് വകുപ്പ് - സർക്കാർ ഉദ്യോഗസ്ഥർ സാമുദായിക /മത സംഘടനകളുടെ ഭാരവാഹിത്വം വഹിക്കുവാൻ പടില്ലായെന്നുള്ള സർക്കാർ ഉദ്യോഗസ്ഥരുടെ 1960 ലെ പെരുമാറ്റചട്ടത്തിലെ ഭേദഗതി പാലിക്കുന്നത് - സംബന്ധിച്ച്

സൂചന - 07.08.2014 ലെ എസ്. ആർ ഒ നമ്പർ. 480/14 (ജി. ഒ (പി) നമ്പർ. 27/2014/പി & എ. ആർ. ഡി) നമ്പർ സർക്കാർ വിജ്ഞാപനം.

സൂചന സർക്കാർ വിജ്ഞാപന പ്രകാരം സർക്കാർ ഉദ്യോഗസ്ഥർ സാമുദായങ്ങളുടെയോ/ അത്തരത്തിലുള്ള ട്രസ്റ്റ്/ സൊസൈറ്റിയുടെയോ, മത സംഘടനകളുടെയോ ഭാരവാഹിത്വം വഹിക്കുവാൻ പാടില്ലായെന്ന് നിഷ്കർഷിച്ചുകൊണ്ട് 1960 ലെ പെരുമാറ്റച്ചട്ടം ഭേദഗതി വരുത്തി ഉത്തരവായിട്ടുള്ളതാണ്. കൂടാതെ അത്തരത്തിലുള്ളതോ അനുബന്ധമായതോ ആയ സ്ഥാപനങ്ങളിൽ ചുമതലയേൽക്കുന്ന സർക്കാർ ഉദ്യോഗസ്ഥർ ടി വിവരം ഒരു മാസത്തിനകം സർക്കാരിനെ അറിയിക്കണമെന്നും ടി ഉദ്യോഗസ്ഥൻ ടി ചുമതല വഹിക്കുന്നത് പൊതുജന താൽപ്പര്യത്തിന് എതിരാണെന്ന് സർക്കാർ അഭിപ്രായപ്പെട്ടാൽ ടി സ്ഥാനം ടിയാൻ രാജിവയ്ക്കണമെന്നും ടി വിജ്ഞാപനത്തിൽ പറഞ്ഞിട്ടുള്ളതാണ്. ഇത്തരത്തിലുള്ള സ്ഥാപനങ്ങളിൽ പണം കൈകാര്യം ചെയ്യുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചെയ്യുവാൻ പാടില്ലായെന്നും നിഷ്കർഷിച്ചിട്ടുള്ളതാണ്.

ആയതിനാൽ എല്ലാ ഉദ്യോഗസ്ഥരും ടി ഭേദഗതി വിജ്ഞാപനത്തിലുള്ള ഉത്തരവ് കർശനമായി പാലിക്കുവാൻ നിർദ്ദേശിക്കുന്നു. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ടി സർക്കുലർ ടിയാന്റെ അധികാരപരിധിയിലുള്ള എല്ലാ ഉദ്യോഗസ്ഥരെയും അറിയിക്കേണ്ടതാണ്.

എക്സൈസ് കമ്മീഷണർക്കുവേണ്ടി

പകർപ്പ്

1) അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്)
2) വിജിലൻസ് ആഫീസർ (എക്സൈസ്)
3) ജോയിന്റ് എക്സൈസ് കമ്മീഷണർ (എല്ലാം)
4) ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ (എല്ലാം)
5) അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ (എല്ലാം)
6) എക്സൈസ് കമ്മീഷണറുടെ സി.എ.
7) അഡീഷണൽ എക്സൈസ് കമ്മീഷണറുടെ സി.എ.
8) കമ്പ്യൂട്ടർ സെൽ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
9) എല്ലാ സൂപ്രണ്ടുമാർക്കും, എല്ലാ സെക്ഷനിലെ എല്ലാ സീറ്റിനും.
10) കരുതൽ ഫയൽ/ഉത്തരവ് ഫയൽ.

ANR